പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.133 28.06.2016 - ൽ മറുപടിയ്ക്ക്

## സൗജന്യ മരുന്ന് വിതരണം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ. അനിൽ അക്കര:<br>ശ്രീ.പി.ടി. തോമസ് : | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
|---|---|
| (എ) അവശ്യമരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാവിഭാഗം രോഗികൾക്കും സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. |
| (സി) എന്തെല്ലാം തരം ധനസഹായമാണ് ഈ പദ്ധതി വഴി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) സൗജന്യ മരുന്നു വിതരണ പദ്ധതി മുഖാന്തിരം യാതൊരുവിധ ധനസഹായവും രോഗികൾക്ക് സർക്കാർ ആശുപത്രികൾ മുഖാന്തിരം നൽകുന്നില്ല. ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികൾക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം |
| (ഡി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) ആരോഗ്യവകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും യഥാസമയം ഇൻഡന്റ് സ്വീകരിച്ച് ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെ മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ച് ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിലൂടെ അതത് ആശുപത്രികൾക്ക് ഇൻഡന്റിന് അനുസരണമായി വിതരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ